

# ഞങ്ങളുടെ കാടും പുഴയും ഞങ്ങൾക്ക് വിട്ടുതരിക

ഗീത കെ.

**കാടർ വിഭാഗത്തിലെ ആദിവാസിയായ ഗീത ജൂൺ 15 ലെ പൊതു തെളിവെടുപ്പ് പാനലിൽ സമർപ്പിച്ചത്.**

ഈ പൊതു തെളിവെടുപ്പ് സാധ്യമായത് തന്നെ ഞങ്ങളും അതിരപ്പിള്ളി ഗ്രാമപഞ്ചായത്തും കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത പൊതു താൽപ്പര്യ ഹർജികളിൻമേൽ വാദം കേട്ട ബഹു. ഡിവിഷൻ ബെഞ്ചിന്റെ അനുകൂലവിധി ലഭിച്ചതിനാലാണ്.

ജീവിക്കാനുള്ള ഞങ്ങളുടെ അവകാശം പോലും നിഷേധിച്ചുകൊണ്ട് പിൻവാതിലിൽ കൂടി പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ച വൈദ്യുതി ബോർഡിന്റെ നടപടിയെ ഞങ്ങൾ അങ്ങേയറ്റം അപലപിക്കുന്നു.

2002 ഫെബ്രുവരി 6-ാം തിയ്യതി തൃശൂർ ടൗൺ ഹാളിൽ ഹൈക്കോടതി വിധിപ്രകാരം നടത്തിയ പൊതു തെളിവെടുപ്പിൽ TBGRI യുടെ പഠന റിപ്പോർട്ടിലെ തെറ്റുകൾ ഞാൻ തന്നെ ചൂണ്ടിക്കാണിച്ചതാണ്. നിർദ്ദിഷ്ട അണക്കെട്ടിൽനിന്ന് '400 മീറ്റർ' താഴെ മാത്രം താമസിക്കുന്ന ഞങ്ങളെ '4 കി.മീ.' അകലെയായിട്ടാണ് അന്നത്തെ റിപ്പോർട്ടിൽ കാണിച്ചിരുന്നത്. എന്നാൽ പുതിയതായി ഇറങ്ങിയ WAPCOS റിപ്പോർട്ടിലാകട്ടെ ഞങ്ങളുടെ കോളനിയെ കുറിച്ച് പരാമർശം പോലുമില്ല. 2002 ലെ തെളിവെടുപ്പ് പാനലിന്റെ നിർദ്ദേശം പ്രകാരം ഒരു പങ്കാളിത്ത പരിസ്ഥിതി ആഘാത പഠനം നടത്തുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു. അതും സംഭവിച്ചില്ല എന്ന് മാത്രമല്ല, WAPCOS ന്റെ പഠനത്തിന് വേണ്ടി ഞങ്ങളെ ആരും ബന്ധപ്പെട്ടിട്ടില്ല. ആരാണ് പഠനം നടത്തിയ വ്യക്തികൾ എന്നത് പോലും WAPCOS ന്റെ പഠനത്തിൽ കാൺമാനില്ല. അതുകൊണ്ട് തന്നെ WAPCOS ന്റെ പഠനം ഒരു പ്രഹസനമാണ് എന്നത് വ്യക്തമാണ്.

ചാലക്കുടി പുഴയുടെ തീരങ്ങളിലുള്ള കാടുകളിലാണ് കാലാകാലങ്ങളായി ഞങ്ങൾ ജീവിച്ചു പോരുന്നത്. കാട്ടിലെ തേൻ ശേഖരിച്ചും, കിഴങ്ങുകൾ പറിച്ചും, ഒഴുകുന്ന പുഴയിൽ മീൻ പിടിച്ചുമാണ് ഞങ്ങളുടെ ജീവിതവൃത്തി നടത്തുന്നത്. വനംവകുപ്പിന്റെ മരംനടീൽ, കാട്ടുതീ തടയൽ എന്നീ സംരക്ഷണ പ്രവർത്തനങ്ങളിലും ഞങ്ങൾ പങ്കാളികളാണ്. കഴിഞ്ഞ നാലു വർഷമായി വനംവകുപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള വനസംരക്ഷണ സമിതിയിൽ ഈ കോളനിയിലെ എല്ലാവരും (68 കുടുംബങ്ങൾ) അംഗങ്ങളാണ്. മാത്രമല്ല വനംവകുപ്പിന്റെ 'മലമുഴക്കി വേഴാമ്പൽ' സംരക്ഷണ പ്രവർത്തനങ്ങളിൽ ഞങ്ങളുടെ VSS ഉം പങ്കാളികളാണ്.

നിലവിൽ തന്നെ പൊരിങ്ങൽകുത്തിൽ വേനൽ കാലത്ത് വെള്ളക്ഷാമം കാരണം വൈദ്യുതി ഉൽപ്പാദനം പകൽ സമയത്ത് നടക്കുന്നില്ല. അതിനാൽ പുഴയിലെ വെള്ളം കെട്ടികിടക്കുകയും, ടൈഫോയിഡ്, കോളറ തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്നതും പതിവാണ്.

ഈ അണക്കെട്ട് പണിയുന്നതിനുവേണ്ടിയുള്ള 2500 ലധികം തൊഴിലാളികളും കുടുംബങ്ങളും വാഴച്ചാൽ ഭാഗങ്ങളിലായിരിക്കും തമ്പടിക്കുക. അതിനാൽ ഞങ്ങളുടെ സ്വൈര ജീവിതത്തിന് ഭംഗം നേരിടുകയും ഞങ്ങൾ കുടിയൊഴിഞ്ഞു പോകേണ്ടി വരികയും ചെയ്യും. കൂടാതെ ഞങ്ങളുടെ വനവിഭവങ്ങൾ ശേഖരിക്കുകയും വിൽക്കുകയും ചെയ്യുന്ന 'വാഴച്ചാൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മലക്കപ്പാറ മുതലുള്ള വിവിധ കോളനികളിലെ 100 ഓളം കുട്ടികൾ താമസിച്ചു പഠിക്കുന്ന ട്രൈബൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയും ഇവിടെ നിന്ന് മാറ്റേണ്ടിവരും.

കൂടാതെ നിരവധി ഔഷധസസ്യങ്ങളുടെ കലവറയും കൂടിയാണ് ഞങ്ങളുടെ കാടും പരിസരവും ഈ ഈ പച്ച മരുന്നുകൾ പറിച്ചുവിറ്റും കുറേ പേർ ജീവിച്ചു പോരുന്നുണ്ട്. അറിയാനുള്ള അവകാശം, ജീവനോപാധിക്കുള്ള അവകാശം, ജീവിക്കാനുള്ള അവകാശം, ഇതെല്ലാം ഞങ്ങൾക്ക് നിഷേധിക്കപ്പെടുകയാണ്. തലമുറകളായി ജീവിച്ചു പോരുന്ന ഞങ്ങളുടെ ഭൂമിയിൽ നിന്ന് ഇനിയെങ്ങോട്ടും മാറി പോകാൻ ഞങ്ങൾ തയ്യാറല്ല.

*കാടർ കോളനി, വാഴച്ചാൽ, പുളിയിലപ്പാറ പി.ഒ, തൃശൂർ ജില്ല*